# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5700 02.07.2014 - ൽ മറുപടിക്ക്

## സ്വകാര്യ കുടിവെള്ള വിതരണക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ ടാങ്കർ ലോറികളിലും മറ്റുമായി കുടിവെള്ളവിതരണം നടത്തുന്ന എത്ര ഏജൻസികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) കേരള വാട്ടർ അതോറിറ്റി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടെ ആവശ്യക്കാർക്ക് അവരുടെ ടാങ്കറുകളിൽ ഒരു നിശ്ചിത നിരക്കിൽ കുടിവെള്ളം നൽകാറുണ്ട്. ഇത്തരത്തിൽ ഏജൻസികൾക്ക് മാത്രമായി കുടിവെള്ളം നൽകുന്നില്ല. ആയതിനാൽ പ്രത്യേകമായി ഏജൻസികളുടെ കണക്ക് ശേഖരിക്കാറില്ല. |
| (ബി) സ്വകാര്യ കുടിവെള്ളവിതരണ ഏജൻസികൾ ജലം സംഭരിക്കുന്നത് മലിനമായ ജലസ്രോതസ്സുകളിൽ നിന്നുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) കുടിവെള്ള വിതരണം നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഇതുമായി ബന്ധപ്പെട്ട് നിയന്ത്രിക്കുവാൻ നടപടികൾ എടുത്തു വരുന്നുണ്ട്. ആരോഗ്യവകുപ്പും തദ്ദേശവകുപ്പും നടപടികൾ എടുക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) ടാങ്കർലോറികളിലും മറ്റുമായി കുടിവെള്ള വിതരണം നടത്തുന്ന സ്ഥാപനങ്ങൾ ഗുണനിലവാരമുള്ള കുടിവെള്ളം തന്നെയാണ് വിതരണം നടത്തുന്നത് എന്നുറപ്പു വരുത്തുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുമോ ; | |

| | | | |
|---|---|---|---|
| (ഇ) | ഗുണനിലവാരം കുറഞ്ഞ ജലം ടാങ്കർ ലോറികൾ വഴി വിതരണം ചെയ്തതിന് ഏതെല്ലാം സ്ഥാപന ങ്ങൾക്കെതിരെയാണ് കേസെടു ത്തിട്ടുള്ളത്; വിശദാംശം ലഭ്യ മാക്കുമോ; | (ഇ) | കേരള വാട്ടർ അതോറിറ്റി ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കേസ്സെടുക്കുന്നില്ല. ആരോഗ്യവകുപ്പ്, തദ്ദേശവകുപ്പ് നടപടികൾ എടുത്തിട്ടുണ്ട്. |
| (എഫ്) | സ്വകാര്യവ്യക്തികൾക്കും/ സ്ഥാപനങ്ങൾക്കും കുടിവെള്ളം ടാങ്കറിൽ എത്തിക്കുന്നതിന് നടപ ടികൾ സ്വീകരിക്കുമോ; വിശദമാ ക്കുമോ? | (എഫ്) | സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നിശ്ചിത വില നൽകിയാൽ കുടിവെള്ളത്തിന്റെ ലഭ്യത അനുസരിച്ച് ടാങ്കറുകളിൽ കേരള വാട്ടർ അതോറിറ്റി കുടിവെള്ളം നൽകുന്നതാണ്. കൂടാതെ നിയമപ്രകാരമുള്ള വില നൽകിയാൽ ശുദ്ധജല ലഭ്യതയനുസരിച്ച് ടാങ്കറുകൾ മുഖേന ജലശുദ്ധീകരണശാലകളിൽ നിന്നും കുടിവെള്ളം നൽകുവാനുള്ള സംവിധാനവും ജല അതോറിറ്റിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ